പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3147 20.06.2014 ലെ മറുപടിയ്ക്ക്

**കർഷക സമ്പദ് വ്യവസ്ഥയ്ക്ക് നടപടി**

ചോദ്യം

ശ്രീ. സി. ദിവാകരൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും,
സ്റ്റേഷനറിയും വകുപ്പ്

| ചോദ്യം | മറുപടി |
|---|---|
| കർഷക സമ്പദ് വ്യവസ്ഥയുടെ വളർച്ചയും കർഷക രക്ഷ ഉറപ്പ വരുത്തുന്നതിനും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | കർഷക സമ്പദ് വ്യവസ്ഥയുടെ വളർച്ചയും കർഷക രക്ഷ ഉറപ്പവരുത്തുന്നതിനും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു-<br>1. ഹൈടെക് കൃഷിരീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാദ്ധ്യമായ എല്ലാ പഞ്ചായത്തുകളിലും പോളീഹൗസ് കൃഷിയും പ്രിസിഷൻ ഫാമിംഗും പ്രോത്സാഹനം നൽകി നടപ്പിലാക്കി വരുന്നു.<br>2. പച്ചക്കറികൃഷി വികസന പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്കും, വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി സൗജന്യമായി പച്ചക്കറി വിത്തുകൾ വിതരണം നടത്തുന്നു. പച്ചക്കറി കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷിക്കുള്ള ആനുകൂല്യം നൽകി വരുന്നു. കൂടാതെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ പരിസരത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രത്യേക ധനസഹായം പ്രോജക്ട് അടിസ്ഥാനത്തിൽ നൽകുന്നു.<br>3. വിത്ത് മുതൽ വിപണി വരെ എന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ "നിറവ്" 33 നിയോജക മണ്ഡലങ്ങളിലായി നടപ്പാക്കുന്നു. ഇതിൽ കാർഷിക അനുബന്ധമേഖലകളിലെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>4. സുഗന്ധ വ്യഞ്ജന വിളകളായ കുരുമുളക്, ഗ്രാമ്പൂ, ജാതിക്ക എന്നിവയുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>5. തെരഞ്ഞെടുത്ത 35 ബ്ലോക്കുകളിൽ കാർഷിക യന്ത്ര സാമഗ്രികൾ, അവ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ച തൊഴിലാളികൾ എന്നിവയെ ഉൾക്കൊള്ളിച്ചുകൊണ്ട് കൃഷി അധിഷ്ഠിത സേവനങ്ങൾ നൽകുന്നതിന് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചു.<br>6. തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിൽ കർഷക ത്തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക തൊഴിലാളികളെയും ടെക്നീഷ്യൻമാരെയും ഉൾപ്പെടുത്തിക്കൊണ്ട് 'കാർഷിക കർമ്മസേന' രൂപീകരിച്ചു. ഇവർക്ക് പരിശീലനം നൽകാനും യന്ത്രസാമഗ്രികൾ നൽകാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>7. 60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾ അനുസരിച്ച് കർഷക പെൻഷൻ നൽകി വരുന്നു. |

8. കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സപ്ലൈകോ മുഖേന നെല്ല് സംഭരണം തുടരുന്നു. കേരഫെഡ് മുഖേന തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ പച്ചത്തേങ്ങ സംഭരണവും നടത്തുന്നുണ്ട്.
9. കർഷകരുടെ സംസ്ഥാനതലത്തിലുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി കൃഷിഭവൻതലത്തിൽ കർഷക രജിസ്ട്രേഷൻ നടത്തി. 18.77 ലക്ഷം കർഷകരാണ് ഇതിനകം രജിസ്റ്റർ ചെയ്തത്. വിവിധ കാർഷിക വികസന പദ്ധതികൾ അനുസരിച്ച് കർഷകർക്ക് അനുവദിക്കുന്ന ധനസഹായം ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നു.
10. വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനായി പ്രത്യേക സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു.
11. കർഷകർക്കായുള്ള ക്ഷേമ ബോർഡിന്റെ രൂപീകരിണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ